പഴയ ഇൻറീരിയറിന്
പുതുമ കൊണ്ടുവരാൻ
ആഗ്രഹിക്കുന്നവർക്കായി
പുതുപുത്തൻ ആശയങ്ങൾ.

പഴയ മുറിയുടെ വിവിധ പടങ്ങളും
അളവുകളും മറ്റു വിശദാംശങ്ങളും
'വനിത വീടി'ന് ഇമെയിൽ ചെയ്യുക:
vanithaveedu@mmp.in

# ബ്യൂട്ടിഫുൾ...


BEFORE

പഴയ ഡ്രോയിങ് റൂമിനെ ഇടിച്ചു നിരത്താത്ത വിധത്തിൽ എങ്ങനെ പുതുതാക്കാം എന്നതാണ് ഡിസൈനർ ഇവിടെ കാണിച്ചു തന്നിരിക്കുന്നത്. അതേസമയം, മുറിക്ക് പുതു പരിവേഷം കൊണ്ടുവരികയും ചെയ്തു.

രണ്ടു തരത്തിലുള്ള വിട്രിഫൈഡ് ടൈലുകളാണ് തറയിൽ കൊടുത്തിരിക്കുന്നത്. അതിലൊന്ന് തടിയുടെ ഫിനിഷിലുള്ളതാണ്. ഫോൾസ് സീലി










ഡിസൈൻ:

**പി. ആർ. ജൂഡ്സൺ**

ഡിസൈനർ, ജൂഡ്സൺ അസോഷ്യേറ്റ്സ്,
കൊച്ചി & യുഎഇ.
email: judsonasso@gmail.com

ങ്ങിന് ജിപ്സം ഉപയോഗിച്ചു. പഴയ ഷോകേസ് അതുപോലെത്തന്നെ നിലനിർത്തി. തൊട്ടടുത്ത് ഗ്രൂവ് ഡിസൈൻ കൊണ്ടുവന്നപ്പോൾ മുറിക്ക് ചെറുപ്പമായി. ചതുരത്തിലാണ് മുറിയെന്നതിനാൽ സീലിങ്ങും ഫർണിച്ചറുമെല്ലാം ചതുരത്തിലാക്കി. പ്ലൈയും വെനീറുമാണ് ഡിസൈനിങ്ങിന് ഉപയോഗിച്ചത്. ടിവി ഏരിയയ്ക്ക് താഴെ ഗ്ലാസ് ഷട്ടർ കൊടുത്തിരിക്കുന്നത് റിമോട്ട് പ്രവർത്തിപ്പിക്കാനുള്ള സൗകര്യത്തിനാണ്. ടിവിക്കു പുറകിൽ വോൾപേപ്പർ ഒട്ടിച്ചിരിക്കുന്നു. സീലിങ്ങിലെ ലൈറ്റിങ് ഇഫക്ട് തറയിലെ വെള്ള ടൈലിൽ പ്രതിഫലിച്ച് മുറിക്കകം പ്രകാശമാനമാക്കുന്നു. ചെറിയ മുറിയായതിനാൽ ഇളംനിറങ്ങളാണ് ഭിത്തിയിൽ കൊടുത്തത്.

ഫർണിച്ചർ ഒഴികെ ഈ മേക്ക്ഓവറിന് ചെലവു വരുന്നത് 1,20,000-1,75,000 രൂപയാണ്. ■